## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *651**

**25/05/2017 ൽ മറുപടിയ്ക്ക്**

### ഖാദിമേഖലയുടെ വികസനത്തിനായി പദ്ധതി

**ചോദ്യം**

**ശ്രീ.കെ.ഡി.പ്രസേനൻ**
**ശ്രീ.വി.കെ.സി.മമ്മത് കോയ**
**ശ്രീ.കെ.കുഞ്ഞിരാമൻ**
**ശ്രീ.യു.ആർ.പ്രദീപ്**

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഖാദി മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; | (എ) & (ബി) | കേരളത്തിൽ ഖാദിമേഖലയുടെ വികസനത്തിനായി ക്രിയാത്മക നടപടികൾ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വഴി സർക്കാർ നടപ്പിലാക്കി വരുന്നു. ഖാദി മേഖലയിലെ ആധുനീകവൽക്കരണം, കുറഞ്ഞ ശാരിരീക ആയാസം വേണ്ട ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ടുത്തിയുള്ള ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്രഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ട്രീറ്റ് വീവിംഗ് ഖാദി ഗ്രാമം പോലുള്ള ബൃഹത് പദ്ധതികൾ, ഖാദി മേഖലയിൽ ക്ലസ്റ്റർ, സ്ഫൂർട്ടി പദ്ധതികൾ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല |
| (ബി) | ഈ രംഗത്ത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | | |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തു പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിധ്യവൽക്കരണം, മുതലായവ ഖാദി മേഖലയുടെ വികസനത്തിനായുള്ള കർമ്മ പദ്ധതിക ളായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ഖാദി മേഖലയുടെ പ്രൗഢിയും പാരമ്പര്യവും നിലനിർത്താൻ ഉതകുന്ന വിധത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഉല്പാദന വർദ്ധനവിലൂടെ വരുമാനം വർദ്ധിപ്പിച്ച് തൊഴിലാളി കൾക്ക് ന്യായമായ കൂലി ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (സി) | ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ മിനിമം വേതന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനു ദ്ദേശിക്കുന്നതെന്നും ഇതിനായി പ്രദർശന വിൽപ്പന മേളകൾ നടത്താൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഡി) | കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ സംസ്ഥാന വ്യാപകമായി പ്രത്യേക ഖാദി വിപണനമേളകൾ സംഘടിപ്പിക്കുന്നു. കൂടാതെ പുതിയ ഖാദി ഗ്രാമോദ്യോഗ് ഭവനുകൾ (വില്പന കേന്ദ്രങ്ങൾ) ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ